സംസ്ഥാനത്തെ ഐ. ടി. ഐ., ഐ.ആർ.സി. കേന്ദ്രം

* 192 [223] ശ്രീ. നാലകത്ത് സൂപ്പി:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഐ. ആർ. ഐ., ഐ. ആർ. സി. കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്;

(ബി) സംസ്ഥാനത്ത് പുതിയ ഐ. ആർ. സി./ഐ. ആർ. ഐ. കേന്ദ്രം സ്ഥാപിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ പുതിയ ഐ. ആർ. സി./ഐ. ആർ. ഐ. കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം എന്ത്?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) സംസ്ഥാനത്ത് ഇപ്പോൾ 21 ഐ. ആർ. ഐ. കളും 235 ഐ. ആർ. സി. കളും പ്രവർത്തിക്കുന്നുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടിയിൽ 1986 ആഗസ്റ്റു മാസം ആരംഭിക്കുന്ന അദ്ധ്യയന വർഷത്തിൽ ക്ലാസ്സുകൾ തുടങ്ങുന്നതിനായി 19–11–1985–ലെ ജി. ഒ. (എം.എസ്) 56–85/തൊഴിൽ എന്ന ഉത്തരവു പ്രകാരം ഒരു പുതിയ ഐ. ആർ. ഐ. തുടങ്ങുവാൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. വേറെ ഐ. ടി. ഐ. കൾ ഈ അദ്ധ്യയന വർഷം സ്ഥാപിക്കുവാൻ ഉദ്ദേശമില്ല. എന്നാൽ പുതിയ ഐ. ആർ. സി. കൾ അനുവദിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

(സി) ഐ. ആർ. ഐ. കൾ ഗവൺമെന്റ് ഉടമയിലും ഐ. ആർ. സി. കൾ സഹകാര്യ ഉടമയിലുമുള്ള സ്ഥാപനങ്ങളാണ്. ഐ. ടി. ഐ./ഐ. ആർ. സി. ഇവ സ്ഥാപിക്കുന്നതിന് എൻ. സി. വി. ആർ. ചില നിബന്ധനകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിനു വേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യതയും അതിന്റെ ലഭ്യതയും കണക്കിലെടുത്താണ് ഐ. ആർ. ഐ. കൾ സ്ഥാപിക്കുന്നത്. എന്നാൽ ഐ. ആർ. സി. കൾ അനുവദിക്കുന്നതിന് അപേക്ഷ ലഭിക്കുമ്പോൾ സ്ഥലം, കെട്ടിടം, ഉപകരണങ്ങൾ, വൈദ്യുതി, വെള്ളം ഇവയുടെ ലഭ്യത, ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഇവയെല്ലാം അഫിലിയേഷൻ കമ്മിറ്റി പരിശോധന നടത്തും. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും എൻ. സി. വി. ആർ. യുടെ സ്ഥിരം അഫിലിയേഷൻ ലഭിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രമേ ഐ. ആർ. സി. കൾ സ്ഥാപിക്കുന്നതിനുള്ള അനുവാദം നൽകാറുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly